# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2973 — 11.12.2014-ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ പട്ടികജാതി/വർഗ്ഗക്കാരുടെ എൻ.സി.എ. ഒഴിവുകളിൽ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ പട്ടികജാതി/വർഗ്ഗക്കാരുടെ എൻ.സി.എ. (No. Candidate Available) ഒഴിവുകളിൽ നിയമനം ലഭിക്കുന്നതിനായി അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഇതുവരെ നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) തസ്തിക നിർണ്ണയത്തെ തുടർന്ന് അദ്ധ്യാപക തസ്തികകളിൽ കുറവ് വന്നതിനാൽ നിയമന ഉത്തരവ് നൽകാൻ കഴിഞ്ഞിട്ടില്ല. |
| (ബി) ആയത് സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സബ്മിഷന് മറുപടിയായി പ്രസ്തുത നിയമനം ഉടനെ നൽകുമെന്ന് ബഹു. മുഖ്യമന്ത്രി ഉറപ്പ് നൽകിയിരുന്നോ; | (ബി) നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിരുന്നോ; റിപ്പോർട്ടിന്റെ ഉള്ളടക്കം എന്തായിരുന്നു; ബന്ധപ്പെട്ട ഫയലിൽ നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) ലഭിച്ചിരുന്നു. സർക്കാർ സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിക്കുകയോ, പ്രൈമറി പ്രധാനാദ്ധ്യാപക സ്ഥാനക്കയറ്റം പൂർത്തീകരിക്കാൻ കഴിയുകയോ, സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്യുകയാണെങ്കിൽ എൻ.സി.എ. ഉദ്യോഗാർത്ഥികളെ പരിഗണിക്കുവാൻ കഴിയുമെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന വിഷയമായതിനാൽ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

...2/

| | |
|---|---|
| (ഡി) എൻ.സി.എ. ഒഴിവുകളിൽ നിയമനം നൽകുന്നതിന് പി.എസ്.സി. അഡൈ്വസ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാതെ ഇതേ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ചട്ട വിരുദ്ധമല്ലേ; ഇക്കാര്യത്തിൽ അന്വേഷണം നടത്തി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) നിയമനം നടത്തിയിട്ടില്ല. |
| (ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.